(സി) അൺ എയ്ഡഡ് സ്കൂളുകളിലെ പ്രൈമറി വിഭാഗത്തിലെ സിലബസ്സും ഗവൺമെന്റ് സ്കൂളുകളിലെ പ്രൈമറി വിഭാഗത്തിലെ സിലബസ്സും ഏകീകരിക്കുമോ?

ഉത്തരം

(എ) പ്രൈമറി വിഭാഗത്തിൽ ഒന്നു മുതൽ നാലുവരെ മലയാളം മാധ്യമത്തിൽ അദ്ധ്യയനം നടത്തുന്ന ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും അൺ എയ്ഡഡ് സ്കൂളുകളിലും സിലബസ്സ് ഒന്നുതന്നെയാണ്. എന്നാൽ ഇംഗ്ലീഷ് മാധ്യമത്തിൽ ഒന്നു മുതൽ നാലുവരെ കേരള സിലബസ്സ് അല്ല. ആയതിനാൽ അത്തരം സ്കൂളുകളിൽ മറ്റ് സിലബസ്സുകളാണ് പിൻതുടരുന്നത്.

(ബി) ഉണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

എൽ. കെ. ജി., യു. കെ. ജി., 1-ാം ക്ലാസ്സ് പ്രവേശനത്തിന് റിട്ടൺ ടെസ്റ്റ്

74 [5733] ശ്രീ. വി. ബാലറാം:
" ഡി. സുഗതൻ:
" ലൂഡി ലൂയിസ്:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. കെ. ജി., യു. കെ. ജി., 1-ാം ക്ലാസ്സ് എന്നിവിടങ്ങളിൽ പ്രവേശനത്തിന് ഇന്റർവ്യൂവും റിട്ടൺടെസ്റ്റും നടത്തുന്നതായി അറിവുണ്ടോ; ഇല്ലാത്തപക്ഷം അതേപ്പറ്റി അന്വേഷിക്കുമോ; ഈ രീതി അനുവദനീയമാണോ;

(ബി) ഇത്തരം രീതികളെ എൻ. സി. ഇ. ആർ. ടി. തടഞ്ഞിട്ടുണ്ടോ; മുകളിൽപ്പറഞ്ഞ ക്ലാസ്സുകളിലേക്ക് ഇന്റർവ്യൂ, റിട്ടൺടെസ്റ്റ് എന്നിവ നടത്തുന്നത് നിരോധിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ലഭിക്കുകയാണെങ്കിൽ അന്വേഷണം നടത്തുന്നതാണ്.

(ബി) ഈ രീതികൾ എൻ. സി. ഇ. ആർ. ടി. തടഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly